# പതിനഞ്ചാം കേരള നിയമസഭ

ഒന്നാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2021 ജൂൺ 3, വ്യാഴം

**നമ്പർ 7**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

**അടിയന്തരപ്രമേയം:**

സ്കൂൾ വിദ്യാഭ്യാസം ഓൺലൈനായി നടത്താൻ സർക്കാർ തീരുമാനിച്ചിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് നിലനിൽക്കുന്ന ഡിജിറ്റൽ ഡിവൈഡും, ആവശ്യമായ ഉപകരണങ്ങളുടെ അഭാവവുംമൂലം സംസ്ഥാനത്തെ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ പഠന കാര്യത്തിൽ ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതര സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. റോജി എം. ജോണും മറ്റ് നാല് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നല്കിയിരുന്നു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു

**ശ്രദ്ധ ക്ഷണിക്കൽ :**

1. തോട്ടം തൊഴിലാളികളുടെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കപ്പെടേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ പി. എസ്. സുപാൽ, പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച ഒരു പ്രസ്താവന ചെയ്തു.

2. സംസ്ഥാനത്ത് കാലവർഷക്കെടുതിമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് ആവശ്യമായ നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ കെ. പി. എ. മജീദ്, കൃഷി വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 818/2021 (i).

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ :

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | വളാഞ്ചേരിയിൽ ഫയർ സ്റ്റേഷൻ | മുഖ്യമന്ത്രി |
| 2 | ശ്രീ. ഐ. സി. ബാലകൃഷ്ണൻ | സുൽത്താൻബത്തേരിയിൽ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് | ഉന്നതവിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 3 | ശ്രീ. കെ. പി. മോഹനൻ | ഫോട്ടോ-വീഡിയോ ഗ്രാഫിക് സ്ഥാപനങ്ങൾ എടുത്തിട്ടുള്ള വായ്പക്ക് പലിശയിളവും മൊറട്ടോറിയവും | പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി |
| 4 | ശ്രീ. എ. പ്രഭാകരൻ | പാലക്കാട് ജില്ലയിലെ വന്യജീവി ആക്രമണം | വനം-വന്യജീവി വകുപ്പുമന്ത്രി |
| 5 | ശ്രീ. പി. ജെ. ജോസഫ് | നെയ്യശ്ശേരി-തോക്കമ്പൻ സാഡിൽ റോഡിന്റെ നിർമ്മാണം | പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |
| 6 | ശ്രീ. ഇ. കെ. വിജയൻ | ചേലക്കാട് വില്ല്യാപ്പള്ളി - വടകര റോഡിന്റെ നിർമ്മാണം | പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |
| 7 | ശ്രീ. പി. പി. ചിത്തരഞ്ജൻ | ആലപ്പുഴയിലെ കായൽ ടൂറിസം മേഖലയ്ക്ക് പ്രത്യേകം ടൂർ സഹായ പാക്കേജ് | പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |
| 8 | ശ്രീ. കെ. ജെ. മാക്സി | ഫോർട്ട് കൊച്ചി - മട്ടാഞ്ചേരി ടൂറിസം മേഖല | പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |

അതാത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

നിയമനിർമ്മാണകാര്യം:

2021-ലെ കേരള സാംക്രമിക രോഗങ്ങൾ ബില്ലിന്റെ അവതരണവും പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും

(സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകൾക്കനുസൃതമായി 2021-ലെ കേരള സാംക്രമിക രോഗങ്ങൾ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കാതെ അവതരിപ്പിച്ച ദിവസം തന്നെ പാസ്സാക്കുന്നതിലേയ്ക്കായി ആരോഗ്യവും വനിത-ശിശുക്ഷേമവും വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ്ജ് നിയമസഭയുടെ കാര്യനിർവ്വഹണവും നടപടിക്രമങ്ങളും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 76(1), 72, 237 എന്നിവ താത്കാലികമായി സസ്പെന്റ് ചെയ്യണമെന്ന പ്രമേയം അവതരിപ്പിച്ചു. പ്രമേയം സഭ അംഗീകരിച്ചു.)

ആരോഗ്യവും വനിത-ശിശുക്ഷേമവും വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ്ജ് 2021-ലെ കേരള സാംക്രമിക രോഗങ്ങൾ ബിൽ അവതരിപ്പിക്കുകയും ചട്ടം 75 (1) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുകയും ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുകയും ചെയ്തു.

ശ്രീ. കെ. ബാബു (*തൃപ്പൂണിത്തുറ*), ശ്രീ. മാത്യു കുഴൽനാടൻ എന്നിവർ ബിൽ അവതരണത്തെ എതിർത്തുകൊണ്ട് ക്രമപ്രശ്നങ്ങൾ ഉന്നയിച്ച് സംസാരിച്ചു. ഉന്നയിക്കപ്പെട്ട ക്രമപ്രശ്നങ്ങൾ നിലനിൽക്കുന്നതല്ലെന്ന് സ്പീക്കർ റൂളിംഗ് നൽകി. തുടർന്ന്, ശ്രീ. കുറുക്കോളി മൊയ്തീൻ ഓർഡിനൻസ് നിരാകരണപ്രമേയം അവതരിപ്പിച്ച് സംസാരിച്ചു. ശ്രീ. എ. കെ. എം. അഷ്റഫ് ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. എൻ. എ. നെല്ലിക്കുന്ന് നിരാകരണപ്രമേയത്തെ പിൻതാങ്ങി സംസാരിച്ചു. ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച് സംസാരിച്ചു. ഭേദഗതിയെ ശ്രീ. മുഹമ്മദ് മുഹസിൻ പിൻതാങ്ങി സംസാരിച്ചു. ബിൽ ഒരു സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. എ. എൻ. ഷംസീർ അവതരിപ്പിച്ച് സംസാരിച്ചു. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ പിന്താങ്ങി സംസാരിച്ചു

ആരോഗ്യവും വനിത-ശിശുക്ഷേമവും വകുപ്പുമന്ത്രിയുടെ മറുപടിക്ക് ശേഷം ഓർഡിനൻസ് നിരാകരണപ്രമേയം, ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി എന്നിവ സഭ തള്ളുകയും, ശ്രീ. എ. എൻ. ഷംസീർ അവതരിപ്പിച്ച ബിൽ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കുകയും ചെയ്തു. അതിനുശേഷം ബിൽ വകുപ്പുതിരിച്ച് ഉള്ള പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ ബിൽ പാസ്സാക്കുകയും ചെയ്തു.

## പീഠിക

പീഠികയിൽ "ആനുഷംഗികവുമോ" എന്നതിനുപകരം "ആനുഷംഗികമായതോ" എന്ന് ചേർക്കുക.

## മൂന്നാം വകുപ്പ്

ഖണ്ഡം 3-ൽ "സർക്കാരിനു" എന്നതിനുപകരം "സർക്കാരിന് " എന്ന് ചേർക്കുക

## നാലാം വകുപ്പ്

ഖണ്ഡം 4 ഉപഖണ്ഡം (1)-ൽ "ഏതെങ്കിലും വ്യക്തി അല്ലെങ്കിൽ വ്യക്തികളുടെ വിഭാഗം" എന്നീ വാക്കുകൾക്കു പകരം "ഏതെങ്കിലും ആൾ അല്ലെങ്കിൽ ആളുകളുടെ വിഭാഗം" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

ഖണ്ഡം 4(1)-ൽ "വിനിയോഗിക്കാൻ" എന്നതിനുപകരം "വിനിയോഗിക്കുവാൻ" എന്ന് ചേർക്കുക.

ഖണ്ഡം 4(2)-ൽ "പൊതുവായ വ്യവസ്ഥകൾക്കു" എന്നീ വാക്കുകൾക്കു പകരം "വ്യവസ്ഥകളുടെ സാമാന്യതയ്ക്കു" എന്ന് ചേർക്കുക.

ഖണ്ഡം 4(2) (എ)-ൽ "വ്യക്തികളിൽ നിന്ന് വ്യക്തികളിലേക്ക് " എന്നീ വാക്കുകൾക്കു പകരം " ആളുകളിൽ നിന്ന് ആളുകളിലേക്ക് " എന്നീ വാക്കുകൾ ചേർക്കുക.

ഖണ്ഡം 4(2) (ബി)-ൽ "എത്തിച്ചേരുന്ന വ്യക്തികളെയോ" എന്ന വാക്കുകൾക്കു പകരം "എത്തിച്ചേരുന്ന ആളുകളെയോ" എന്നീ വാക്കുകളും "മറ്റുവിധത്തിലോ ഉള്ള വ്യക്തികളെയോ" എന്നീ വാക്കുകൾക്കു പകരം "മറ്റുവിധത്തിലോ ഉള്ള ആളുകളെയോ" എന്നീ വാക്കുകളും ചേർക്കുക.

ഖണ്ഡം 4(2) (എഫ്)-ൽ "വ്യക്തികൾ" എന്ന വാക്കിന് പകരം "ആളുകൾ" എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 4(2) (എച്ച്)-ൽ "ചുമത്തുക" എന്നതിനുപകരം "ഏർപ്പെടുത്തുക" എന്ന് ചേർക്കുക.

## അഞ്ചാം വകുപ്പ്

ഖണ്ഡം 5-ന്റെ ആരംഭത്തിൽ "റെഗുലേഷനുകളും ഉത്തരവുകളും" എന്ന വാക്കുകൾക്കു പകരം "റെഗുലേഷനുകളോ, ഉത്തരവുകളോ" എന്ന വാക്കുകൾ ചേർക്കുക.

ഖണ്ഡം 5-ൽ "ഏതെങ്കിലും അത്തരത്തിലുള്ള" എന്നീ വാക്കുകൾക്ക് പകരം "അങ്ങനെയുള്ള ഏതെങ്കിലും" എന്നീ വാക്കുകൾ ചേർക്കുക.

<u>ആറാം വകുപ്പ്</u>

ഖണ്ഡം 6-ൽ "പ്രവർത്തി ചെയ്യപ്പെട്ടാൽ" എന്നീ വാക്കുകൾക്ക് പകരം "പ്രവൃത്തി ചെയ്യുന്നപക്ഷം" എന്നീ വാക്കുകൾ ചേർക്കുക.

<u>ഏഴാം വകുപ്പ്</u>

ഖണ്ഡം 7-ൽ "കൊടുക്കത്തക്കതും" എന്ന വാക്കിനുപകരം "അനുവദിക്കത്തക്കതും" എന്ന വാക്ക് ചേർക്കുക.

2021 ജൂൺ 4-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്ക് ശേഷം 3.37-ന് സഭ പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
*സെക്രട്ടറി.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

First Session

# BULLETIN—PART I

(Brief Record of Proceedings)

*Thursday, June 3, 2021*

**No. 7**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Adjournment Motion:*

After hearing the Minister for General Education and Labour, the Speaker withheld consent to the moving of an adjournment motion given notice of by Shri Roji M. John and four other Members regarding the serious situation reported to have arisen consequent to the difficulties faced by socially and economically backward students due to the existing digital divide in the State and lack of gadgets for education as the Government has decided to conduct school education in online mode.

*Calling Attention :*

1. Shri P. S. Supal called the attention of the Minister for General Education and Labour to the necessity to resolve various issues related to plantation labourers. The Minister made a statement thereto.

2. Shri K. P. A. Majeed called the attention of the Minister for Agriculture to the necessity to take steps to provide adequate compensation to the farmers whose crops were destroyed due to the Monsoon Rainfall in the State. The Minister made a statement thereto.

KNPP. 818/2021(ii).

*The Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | വളാഞ്ചേരിയിൽ ഫയർ സ്റ്റേഷൻ | മുഖ്യമന്ത്രി |
| 2 | ശ്രീ. ഐ. സി. ബാലകൃഷ്ണൻ | സുൽത്താൻബത്തേരിയിൽ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് | ഉന്നതവിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 3 | ശ്രീ. കെ. പി. മോഹനൻ | ഫോട്ടോ-വീഡിയോ ഗ്രാഫിക് സ്ഥാപനങ്ങൾ എടുത്തിട്ടുള്ള വായ്പയ്ക്ക് പലിശയിളവും മൊറട്ടോറിയവും | പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി |
| 4 | ശ്രീ. എ. പ്രഭാകരൻ | പാലക്കാട് ജില്ലയിലെ വന്യജീവി ആക്രമണം | വനം-വന്യജീവി വകുപ്പുമന്ത്രി |
| 5 | ശ്രീ. പി. ജെ. ജോസഫ് | നെയ്യശ്ശേരി-തോക്കുമ്പൻ സാഡിൽ റോഡിന്റെ നിർമ്മാണം | പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |
| 6 | ശ്രീ. ഇ. കെ. വിജയൻ | ചേലക്കാട് വില്ല്യാപ്പള്ളി - വടകര റോഡിന്റെ നിർമ്മാണം | പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |
| 7 | ശ്രീ. പി. പി. ചിത്തരഞ്ജൻ | ആലപ്പുഴയിലെ കായൽ ടൂറിസം മേഖലയ്ക്ക് പ്രത്യേകം ടൂർ സഹായ പാക്കേജ് | പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |
| 8 | ശ്രീ. കെ. ജെ. മാക്സി | ഫോർട്ട് കൊച്ചി - മട്ടാഞ്ചേരി ടൂറിസം മേഖല | പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Legislative Business :*

Introduction and Motion for Consideration of the Kerala Epidemic Diseases Bill,2021

(In accordance with the recommendation contained in the first report of the Business Advisory Committee, which was adopted by the House, Smt. Veena George, Minister for Health, Woman and Child Welfare moved a motion so as to take into consideration and pass the Kerala Epidemic Diseases Bill, 2021 on the date of introduction itself without refering it to the Subject Committee suspending Rule 76 (1), 72 and 237. The House adopted the motion).

Smt. Veena George, Minister for Health, Woman and Child Welfare introduced the Kerala Epidemic Diseases Bill, 2021 and laid the statement under Rule 75 (1). Then the Minister moved that the Bill may be taken into consideration.

Shri K. Babu (*Thripoonithura*) and Shri Mathew Kuzhalnadan raised objections on the introduction of the bill and spoke. The Speaker ruled out the objections. Then Shri Kurukkoli Moideen moved the Ordinance disapproval motion and spoke. Shri N. A. Nellikkunnu as authorised by Shri A. K. M. Ashraf seconded the motion and spoke. Shri P. C. Vishnunadh moved an amendment to circulate the Bill for eliciting public opinion and Shri A. N. Shamseer moved another amendment for refering the Bill to a Select committee and spoke. Shri Mohammed Muhassin seconded the motion for circulating the Bill for eliciting public opinion and Prof. Abid Hussain Thangal seconded the motion to refer the Bill to a Select committee and spoke.

After the reply by Minister for Health, Woman and Child Welfare, the ordinance disapproval motion and the amendment moved by Shri P. C. Vishnunadh was declared lost and the amendment moved by Shri A. N. Shamseer was withdrawn by the leave of the House. The Bill was then taken up for clause by clause consideration and was passed with the following amendments.

818/21(ii)

## പീഠിക

പീഠികയിൽ "ആനുഷംഗികവുമോ" എന്നതിനുപകരം "ആനുഷംഗികമായതോ" എന്ന് ചേർക്കുക.

## മൂന്നാം വകുപ്പ്

ഖണ്ഡം 3-ൽ " സർക്കാരിനു "എന്നതിനുപകരം " സർക്കാരിന് "എന്ന് ചേർക്കുക

## നാലാം വകുപ്പ്

ഖണ്ഡം 4 ഉപഖണ്ഡം (1) - ൽ "ഏതെങ്കിലും വ്യക്തി അല്ലെങ്കിൽ വ്യക്തികളുടെ വിഭാഗം" എന്നീ വാക്കുകൾക്കു പകരം "ഏതെങ്കിലും ആൾ അല്ലെങ്കിൽ ആളുകളുടെ വിഭാഗം" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

ഖണ്ഡം 4(1)-ൽ "വിനിയോഗിക്കാൻ " എന്നതിനുപകരം "വിനിയോഗിക്കുവാൻ" എന്ന് ചേർക്കുക.

ഖണ്ഡം 4(2)-ൽ "പൊതുവായ വ്യവസ്ഥകൾക്കു" എന്നീ വാക്കുകൾക്കു പകരം "വ്യവസ്ഥകളുടെ സാമാന്യതയ്ക്ക്" എന്ന് ചേർക്കുക.

ഖണ്ഡം 4(2) (എ)-ൽ "വ്യക്തികളിൽ നിന്ന് വ്യക്തികളിലേക്ക്" എന്നീ വാക്കുകൾക്കു പകരം "ആളുകളിൽ നിന്ന് ആളുകളിലേക്ക്" എന്നീ വാക്കുകൾ ചേർക്കുക.

ഖണ്ഡം 4(2) (ബി)-ൽ "എത്തിച്ചേരുന്ന വ്യക്തികളെയോ " എന്ന വാക്കുകൾക്കു പകരം "എത്തിച്ചേരുന്ന ആളുകളെയോ" എന്നീ വാക്കുകളും "മറ്റുവിധത്തിലോ ഉള്ള വ്യക്തികളെയോ " എന്നീ വാക്കുകൾക്കു പകരം "മറ്റുവിധത്തിലോ ഉള്ള ആളുകളെയോ" എന്നീ വാക്കുകളും ചേർക്കുക.

ഖണ്ഡം 4(2) (എഫ്)-ൽ "വ്യക്തികൾ" എന്ന വാക്കിന് പകരം "ആളുകൾ" എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 4(2) (എച്ച്)-ൽ "ചുമത്തുക" എന്നതിനുപകരം "ഏർപ്പെടുത്തുക" എന്ന് ചേർക്കുക.

## അഞ്ചാം വകുപ്പ്

ഖണ്ഡം 5-ന്റെ ആരംഭത്തിൽ "റെഗുലേഷനുകളും ഉത്തരവുകളും " എന്ന വാക്കുകൾക്കു പകരം "റെഗുലേഷനുകളോ, ഉത്തരവുകളോ" എന്ന വാക്കുകൾ ചേർക്കുക.

ഖണ്ഡം 5-ൽ "ഏതെങ്കിലും അത്തരത്തിലുള്ള" എന്നീ വാക്കുകൾക്ക് പകരം "അങ്ങനെയുള്ള ഏതെങ്കിലും" എന്നീ വാക്കുകൾ ചേർക്കുക.

<u>ആറാം വകുപ്പ്</u>

ഖണ്ഡം 6-ൽ "പ്രവർത്തി ചെയ്യപ്പെട്ടാൽ" എന്നീ വാക്കുകൾക്ക് പകരം "പ്രവൃത്തി ചെയ്യുന്നപക്ഷം" എന്നീ വാക്കുകൾ ചേർക്കുക.

<u>ഏഴാം വകുപ്പ്</u>

ഖണ്ഡം 7-ൽ "കൊടുക്കത്തക്കതും" എന്ന വാക്കിനുപകരം "അനുവദിക്കത്തക്കതും" എന്ന വാക്ക് ചേർക്കുക.

The House adjourned at 3.37 p.m. to meet again at 9.00 a.m. on Friday, June 4, 2021.

S. V. UNNIKRISHNAN NAIR,
*Secretary.*